(ബി) കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീര കർഷകർക്ക് ആശ്വാസമായി തൊഴിലുറപ്പ് പദ്ധതിയിൽ ആട്ടിൻ കൂട്, കാലിത്തൊഴുത്ത് നിർമ്മാണം എന്നിവ അംഗീകൃത പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും മറുപടിയൊന്നും ലഭ്യമായിട്ടില്ല.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി

31 (1405) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം 100 ദിവസം ജോലി ചെയ്യുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതാണ് എന്ന 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി

32 (1406) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിലെടുത്ത തൊഴിലാളികൾക്കായി ഗ്രണഭോക്തൃ വിഹിതങ്ങൾ കൂട്ടിച്ചേർത്ത് പെൻഷൻ പദ്ധതി രൂപീകരിക്കുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പെൻഷൻ പദ്ധതി അംഗീകരിക്കുന്നതിനോ പെൻഷൻ തുക അനുവദിക്കുന്നതിനോ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം അനുസരിച്ച് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടി ആരംഭിക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിലേക്കായി സംസ്ഥാന ഫണ്ട് വകയിരുത്തിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി

33 (1407) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ 100 ദിനങ്ങൾക്ക് പുറമെ 100 അധിക ദിവസങ്ങൾ കൂടി ഏറ്റെടുക്കാമെന്ന് പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി എത്ര തുകയ്ക്കാണ് ഭരണാനുമതി നല്കിയിരുന്നത് എന്നും അതനുസരിച്ച് എത്ര കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ ലഭ്യമാക്കി എന്നും പറയാമോ;

(സി) നടപ്പ് സാമ്പത്തികവർഷത്തിൽ ഇപ്രകാരം അട്ടപ്പാടിയിൽ എത്ര കുടുംബങ്ങൾക്ക് 200 ദിവസം തൊഴിൽ ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly.